# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*144

06-03-2018 ൽ മറുപടിയ്ക്ക്

## നെൽ കൃഷി വികസനം

**ചോദ്യം**

ശ്രീ.മുരളി പെരുനെല്ലി
,, പി.കെ. ശശി
ശ്രീമതി യു. പ്രതിഭ ഹരി
ശ്രീ.എം. രാജഗോപാലൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ആസൂത്രണബോർഡ് പതിമൂന്നാം പഞ്ചവത്സര പദ്ധതി നയരേഖയിൽ കേരളത്തിലെ നെൽ കൃഷി വികസനത്തിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കർഷകർക്ക് കൂടുതൽ ആകർഷകമാകത്തക്ക വിധത്തിലാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ നെൽകൃഷിയ്ക്കുള്ള ആനുകൂല്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നത്. തരിശുനില കൃഷി, കരനെൽകൃഷി, സവിശേഷ ഇനം നെല്ലിന്റെ വ്യാപനം, ഗ്രൂപ്പ് ഫാമിങ് സമ്പ്രദായത്തിലൂടെയുള്ള കൃഷി എന്നിവയ്ക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. പ്രധാന ലക്ഷ്യം പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടർ ആക്കുക എന്നതാണ്. പ്ലാൻ പദ്ധതിയിലെ വിടവുകൾ ആർ.കെ.വി.വൈ. യിലെ ഘടകങ്ങൾ ഉപയോഗപ്പെടുത്തി നടപ്പാക്കുന്നതാണ്. |
| (ബി) | നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ഈ സർക്കാർ ഇതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | ഈ സാമ്പത്തിക വർഷം സർക്കാർ സമഗ്ര നെൽകൃഷി വികസന പദ്ധതിയ്ക്കായി 70 കോടി രൂപ വകയിരുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തരിശുനില കൃഷി, കരനെൽകൃഷി എന്നിവയിലെല്ലാം വളരെ നല്ല പ്രവർത്തനം കാഴ്ചവയ്ക്കാനും നൽകിയിരുന്ന ഭൗതിക ലക്ഷ്യത്തിൽ കൂടുതൽ കൈവരിക്കാനും കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷത്തിൽ പുതിയതായി 15,000 ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് |

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടുണ്ട്. 2017-2018 സാമ്പത്തിക വർഷത്തിൽ 13,000 ഏക്കർ നെൽപ്പാടങ്ങളിൽ പുതിയതായി കൃഷി ഇറക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ ആകെ 2,20,449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ ഇടപെടലിന്റെ ഫലമായി നെൽകൃഷി മേഖലയിൽ ഇതുവരെ ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | 2015-16 സാമ്പത്തിക വർഷം 192449 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്തിരുന്നത്. ആയത് കൃഷി വകുപ്പിന്റെ നക്കൽ കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തോടെ 220449.375 ഹെക്ടർ ആക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 2956.7 ഹെക്ടർ സ്ഥലത്താണ് തരിശുനിലത്തിലെ കൃഷി ഉദ്ദേശിച്ചിരുന്നത്. 5223 ഹെക്ടർ ഭൗതിക നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>ലക്ഷ്യമിട്ട 2500 ഹെക്ടറിന്റെ സ്ഥാനത്ത് 2723.05 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യിപ്പിക്കുവാൻ സാധിച്ചു. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി 1500 ഹെക്ടറിന് ധനസഹായം നൽകുന്നതിനായിരുന്നു വ്യവസ്ഥ. 2252.04 ഹെക്ടർ സ്ഥലത്ത് ഇത് നടപ്പാക്കി. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 20 മാസത്തിനുള്ളിൽ തരിശുനില കൃഷി, കരനെൽകൃഷി, ഒരുപ്പൂ-ഇരുപ്പൂവാക്കൽ തുടങ്ങിയ പദ്ധതികളിലൂടെ 28,000 ഏക്കർ നെൽവയലുകളിൽ കൃഷി പുതിയതായി ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ